18 (*451) ഉല്പന്നങ്ങളുടെ മാക്സിമം റീട്ടെയിൽ പ്രൈസ്

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പായ്ക്കുചെയ്ത ഉല്പന്നങ്ങൾക്ക് മാക്സിമം റിട്ടെയിൽ പ്രൈസ് വളരെയേറെ കൂട്ടിയാണ് പായ്ക്കറ്റുകളിൽ പ്രിന്റു ചെയ്തുവരുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണംകൊണ്ട് പല സാധനങ്ങളുടേയും വിലയിൽ സ്ഥിരത വരുത്തുവാൻ സാധിക്കാത്ത അവസ്ഥയുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ചില ഉല്പന്നങ്ങളുടെ പായ്ക്കറ്റിൻമേൽ എം.ആർ.പി. കൂട്ടി പ്രിന്റു ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്

(സി) അളവുതൂക്ക (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ് പ്രകാരമാണ് പായ്ക്കറ്റിൻമേൽ എം.ആർ.പി. രേഖപ്പെടുത്തുന്നത്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ടി റൂളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. കേന്ദ്ര ചട്ടങ്ങളായതിനാൽ അത് കേന്ദ്ര ഗവൺമെന്റാണ് ചെയ്യേണ്ടത്. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലാണ്.

19 (*452) ഫോറസ്റ്റ് അക്കാഡമി

ശ്രീ. എ. അലിഹസ്സൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറസ്റ്റ് അക്കാഡമി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഫോറസ്റ്റ് അക്കാഡമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഫോറസ്റ്റ് അക്കാഡമിയുടെ ആസ്ഥാനം എവിടെയായിരിക്കണമെന്ന് തീരുമാനിച്ചുവോ; എങ്കിൽ എവിടെയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഫോറസ്റ്റ് അക്കാഡമിയുടെ ഭരണപരമായ നിയന്ത്രണം എപ്രകാരം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വനപരിപാലനത്തിനും വനസംരക്ഷണത്തിലും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താൻ ഫോറസ്റ്റ് അക്കാഡമിയുടെ പ്രവർത്തനത്തി

LIBRARY ARCHIVES Kerala Legislative Assembly